പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1142 14.06.2012 ൽ മറുപടിക്ക്

# പി.ഡബ്ള്യു.ഡി നവീകരിച്ച റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പി.ഡബ്ള്യു.ഡി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കിലോ മീറ്റർ റോഡ് നവീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) കെ.ആർ.എഫ്.ബി<br>തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ ഭാഗമായി ഏകദേശം 20 കി.മീ. റോഡുകൾ കഴിഞ്ഞ വർഷം നവീകരിക്കുകയുണ്ടായി.<br>നിരത്തുകളും പാലങ്ങളും വിഭാഗം<br>ഏകദേശം 1983 കി.മീ. റോഡുകൾ നവീകരിച്ചിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗം<br>ദേശീയപാതാ വിഭാഗത്തിൽ NH(O) ഉൾപ്പെടുത്തി 180 കി.മീ.ഉം PR ൽ 22 കി.മീ. ഉം നവീകരിച്ചു.<br>കെ.എസ്.ടി.പി.<br>കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം 29 കി.മീ. റോഡ് ഹെവിമെയിന്റനൻസ് ചെയത് നവീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനമൊട്ടാകെ 2011-2012 കാലയളവിൽ എത്ര പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി ; എത്ര രൂപയ്ക്കുള്ള പ്രവൃത്തികൾക്കാണ് അനുമതി നൽകിയത് ; | (ബി)<br>നിരത്തുകളും പാലങ്ങളും വിഭാഗം<br>2011-12 കാലയളവിൽ 57 പാലങ്ങളുടെ നിർമ്മാണത്തിന് 418.77 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 17 പ്രവൃത്തികൾക്ക് 74.18 കോടി രൂപയുടേയും 10 പ്രവൃത്തികളുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ ജോലികൾക്ക് 57.80 ലക്ഷം രൂപയുടേയും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

ദേശിയപാതാ വിഭാഗം

2011-12 കാലയളവിൽ NH(O) യിൽ മൊയ്തു പാലത്തിന് 17.90 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രം നൽകുകയുണ്ടായി.

(സി) പുതിയതായി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകൾ എന്താണെന്ന് വിശദമാക്കാമോ ?

(സി)

കെ.ആർ.എഫ്.ബി

സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഏകദേശം 550 കി.മീ. റോഡുകൾ നവീകരിക്കുന്ന പദ്ധതി ഈ വർഷം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. കോഴിക്കോട് മോണോ റയിൽ പദ്ധതിയുടെ ഒന്നാംഘട്ടവും ഈ വർഷം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ദേശിയപാതാ വിഭാഗം

2012-13 സാമ്പത്തിക വർഷം353.40 കോടി രൂപയ്ക്കുള്ള വാർഷിക പദ്ധതിയാണ് സംസ്ഥാനത്തിന് വേണ്ടി കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുള്ള പ്രൊപ്പോസലുകൾ കേന്ദ്ര മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 241.75 കോടി രൂപയ്ക്കുള്ള IRQP യും 49.7 കോടി രൂപക്കുള്ള പാലങ്ങളും ബാക്കി റോഡ് സുരക്ഷാപദ്ധതികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ 42.50 കോടി രൂപയ്ക്കുള്ള PR പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ടി.പി.

താഴെപറയുന്ന പ്രവൃത്തികളാണ് ഈ സാമ്പത്തിക വർഷം കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്നത്.

1. മണ്ണന്തല-തൈക്കോട് റോഡ്, വഴയില-നെടുമങ്ങാട് റോഡ്, വർക്കല-കല്ലമ്പലം റോഡ്, കൊല്ലം-ആയൂർ റോഡ് എന്നിവയിൽ 28.87 കോടി രൂപ മുടക്കി ഉപരിതലം പുതുക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു.
2. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല-മാവേലിക്കര റോഡ്, പാലാ -ഈരാറ്റുപേട്ട റോഡ് എന്നിവ 22.16 കോടി രൂപ മുടക്കി നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.
3. പുഞ്ഞാശ്ശേരി-ചിത്രപ്പുഴ റോഡ്, മുട്ടം-പാറമട റോഡ്, തൊടുപുഴ-ഊന്നുകൽ റോഡ് എന്നിവ 18.80 കോടി രൂപയ്ക്ക് ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവർത്തനം ഉടൻ

തുടങ്ങുന്നതാണ്.

4. കുറ്റ്യാടി-കേളൂർ റോഡ്, നറുകര സ്റ്റേറ്റ് ബോർഡർ റോഡ്, നെടുംപൊയിൽ -ഇരിട്ടിറോഡ് എന്നിവ 26.05 കോടി രൂപ മുടക്കി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി വരുന്നു.
5. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെട്ട തളിപ്പറമ്പ്-ഇരിട്ടി റോഡ് 13 കോടി രൂപയ്ക്ക് അപ്ഗ്രഡേഷൻ ചെയ്യുന്നതിനുള്ള നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.
6. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെട്ട പിലാത്തറ-പാപ്പിനിശ്ശേരി റോഡ്, തലശ്ശേരി -വളവുപാറ റോഡ്, ചെങ്ങന്നൂർ-മുവാറ്റുപുഴ റോഡ്, പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് എന്നിവയുടെ മെയിന്റനൻസ് ജോലികൾ പൂർത്തിയായി വരുന്നു.
7. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിൽ ഹെവിമെയിന്റനൻസ് ചെയ്ത 10 റോഡുകളിൽ റോഡ് സുരക്ഷാ ജോലികൾ പൂർത്തിയായി വരുന്നു.
8. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിൽ ചെയ്ത എം.സി. റോഡിൽ ബാക്കിയുള്ള P.A.P. ജോലികൾ നടന്നു വരുന്നു.
9. മുത്തോലി-കുറിഞ്ഞി റോഡും, രാമപുരം -മുണ്ടുപാലം റോഡും ഹെവിമെയിന്റനൻസ് ചെയ്യുന്നതിനുള്ള പണിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടി പൂർത്തി യായി വരുന്നു.

കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തിൽപ്പെടുന്ന 367 കി.മീ. ദൈർഘ്യമുള്ള 7 റോഡുകളുടെ അപ്ഗ്രഡേഷൻ പണികൾ ലോക ബാങ്ക് സഹായത്തോടു കൂടി 2012 ജൂലൈ മാസം ടെണ്ടർ ചെയ്യുവാനും, നിർമ്മാണ പ്രവർത്തനങ്ങൾ 2013 ജനുവരിയോടെ തുടങ്ങുവാനുമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ